സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനായും കൺവീനറായും ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായ ഒരു കമ്മിറ്റി പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. കൂടാതെ സർക്കാർ തലത്തിലുള്ള അവലോകനം നടത്തുന്നുണ്ട്.

ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തീയതിക്കകം മാസാന്ത്യ പദ്ധതി പുരോഗതി വിവരം ഡയറക്ടറുടെ വിലയിരുത്തലിനായി ലഭ്യമാക്കുന്നുണ്ട്. അതുപോലെ തന്നെ ജില്ലാ തലത്തിൽ വിലയിരുത്തലിനായി ജില്ലാ കളക്ടർക്കും നൽകുന്നുണ്ട്. എല്ലാ മാസവും അവസാന ശനിയാഴ്ച ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിൽ ജില്ലാതലത്തിലുള്ള പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

ജില്ലാതലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള എംപവേർഡ് കമ്മിറ്റി പ്രോജക്ട് ഓഫീസർ/ടൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെ സഹായത്തോടുകൂടി മേഖലാ കേന്ദ്രീകൃത കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തുകയും മോണിറ്ററിംഗ് നടത്തുകയും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നു.

സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള ഹൈലെവൽ കമ്മിറ്റിയിൽ ജില്ലാ കളക്ടർമാരുമായും വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥന്മാരുമായും വീഡിയോ കോൺഫറൻസിംഗ് വഴി പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്.

ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഫലമായി പട്ടികവർഗ്ഗവികസനത്തിന് അനുവദിക്കുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിന്റെ പുരോഗതി വിലയിരുത്താൻ സാധിക്കുന്നുണ്ട്.

സംസ്ഥാന യുവജനകമ്മീഷൻ

309(683) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യുവജന കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് കമ്മീഷൻ രൂപീകരണം വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) യുവജന നയം നടപ്പാക്കാൻ ഭരണതലത്തിൽ കമ്മീഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്?

ഉത്തരം

(എ) ഉണ്ട്. 20-7-2013-ലെ സ.ഉ.(സാ) നമ്പർ 134/13/കാ.യു.വ. ഉത്തരവ് പ്രകാരം കമ്മീഷൻ ചെയർപേഴ്സനേയും 20-1-2014-ലെ സ.ഉ.(അ) നമ്പർ 6/2014/കാ.യു.വ. ഉത്തരവ് പ്രകാരം മറ്റ് അംഗങ്ങളേയും നിയമിച്ചുകൊണ്ട് കമ്മീഷൻ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) യുവാക്കളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും യുവാക്കളുടെ അവകാശങ്ങളുടെ സംരക്ഷണത്തിനായി വർത്തിക്കുകയും ചെയ്യുക എന്നതാണ് കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങളായി നിശ്ചയിച്ചിട്ടുള്ളത്. മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗവും സൈബർ കുറ്റകൃത്യങ്ങളും തടയുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, യുവാക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുക, യുവാക്കളുടെ കഴിവ് വികസിപ്പിക്കുകയും നേർവഴിക്ക് നയിക്കുകയും ചെയ്യുക, യുവാക്കൾക്ക് തൊഴിലവസരങ്ങൾ നേടുന്നതിനുള്ള മെച്ചപ്പെട്ട വഴികൾ നിർദ്ദേശിക്കുക, പ്രത്യേകിച്ച് ദുർബല വിഭാഗത്തിലും ഗോത്രവർഗ്ഗ വിഭാഗത്തിലുമുള്ള യുവാക്കളുടെ സാമൂഹിക - സാമ്പത്തിക വികസനത്തിന്റെ ആസൂത്രണത്തിൽ സർക്കാരിനെ ഉപദേശിക്കുക, അസംഘടിത മേഖലയിൽ യുവാക്കൾ നേരിടുന്ന തൊഴിൽപരമായ ദുരിതങ്ങൾ ശ്രദ്ധിച്ച് റിപ്പോർട്ട് ചെയ്യുക, യുവാക്കളുടെ അവകാശ നിഷേധം സംബന്ധിച്ച പരാതികളിന്മേലും പ്രഥമദൃഷ്ട്യാ ബോധ്യമാകുന്ന ഇത്തരം പ്രശ്നങ്ങളിലും അന്വേഷണം നടത്തുകയും ബന്ധപ്പെട്ട അധികാരികളുടെ പരിഗണനയിൽ കൊണ്ടുവരികയും ചെയ്യുക, പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യബോധം, സാമൂഹികബോധം തുടങ്ങിയവ വളർത്തിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കുക എന്നിവയും കമ്മീഷന്റെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി നിശ്ചയിക്കപ്പെട്ട മുഖ്യതലകളിൽപെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) യുവജന നയത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം മദ്യം, മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെയും, റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ കമ്മീഷൻ നടത്തിവരുന്നു. മേൽ വിഷയങ്ങൾ കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടേയും മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരുടെ അവകാശങ്ങളെ സംബന്ധിച്ചും മറ്റും പ്രസ്തുത വിഭാഗങ്ങൾക്കിടയിൽ പ്രത്യേകമായും കമ്മീഷൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. യുവാക്കളുടെ അവകാശങ്ങൾ, യുവാക്കളുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ എന്നിവ ഉൾപ്പെടുത്തി സെമിനാറുകളും യോഗങ്ങളും നാഷണൽ യൂത്ത് മീറ്റ് ഉൾപ്പെടെയുള്ള കൂട്ടായ്മകളും കമ്മീഷൻ സംഘടിപ്പിക്കുന്നുണ്ട്. സാഹിത്യം, കല, സാമൂഹ്യസേവനം, കൃഷി, വ്യവസായം, കായികം തുടങ്ങിയ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ച യുവാക്കൾക്ക് പ്രോത്സാഹനം നൽകുന്നതിനായി യൂത്ത് ഐക്കൺ അവാർഡും കമ്മീഷൻ നടപ്പിലാക്കി വരുന്നുണ്ട്.

ഭാരതദർശൻ യാത്രാ പദ്ധതി

310(684) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഭാരത ദർശൻ യാത്രാ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. രണ്ട് തരത്തിലുള്ള ഭാരത ദർശൻ യാത്രാ പരിപാടിയാണ് സംഘടിപ്പിച്ചിട്ടുള്ളത്. ജനറൽ വിഭാഗത്തിൽപ്പെട്ട ഭാരത് ദർശൻ യാത്രയാണ് ആദ്യത്തേത്. ഇതിൽ കേരളത്തിലെ യൂത്ത് ക്ലബ്ബുകളിൽ നിന്നുള്ള യുവജന പ്രവർത്തകരെയാണ് പ്രധാനമായും പങ്കെടുപ്പിച്ചിട്ടുള്ളത്. അതോടൊപ്പം സംസ്ഥാന കേരളോത്സവ, നാഷണൽ യുവോത്സവ വിജയികൾ, യൂത്ത് അവാർഡ് ജേതാക്കൾ

LIBRARY ARCHIVES Kerala Legislative Assembly